ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റെഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

സാക്ഷരത നിരക്ക്

103(2981) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സാക്ഷരതാ നിരക്കിൽ എത്രാം സ്ഥാനത്താണ്;

(ബി) സാക്ഷരത വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ ഏതെല്ലാം;

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ ഏതെല്ലാമാണ്;

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിലെ നിരക്ഷരതാ നിർമ്മാർജ്ജനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം സാക്ഷരതാ നിരക്കിൽ ഒന്നാം സ്ഥാനത്താണ്.

(ബി) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി അക്ഷരലക്ഷം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സാക്ഷരതാ തുടർ വിദ്യാഭ്യാസ രംഗത്ത് നാലാംതരം, ഏഴാംതരം കോഴ്സുകൾ സാക്ഷരതാ മിഷൻ നടത്തിവരുന്നു. കൂടാതെ 2006-07-ൽ ആരംഭിച്ച പത്താംതരം തുല്യതാ കോഴ്സ് ഒമ്പതു ബാച്ചുകൾ പൂർത്തിയാവുകയും 88473 പേർക്ക് പത്താംതരം തുല്യത നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങളായ കന്നഡ/തമിഴ് മേഖലകളിൽ നാല്, ഏഴ്, പത്ത് തുല്യതാ കോഴ്സുകൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഭരണ പ്രദേശങ്ങളായ മാഹി, ലക്ഷദ്വീപ് സമൂഹങ്ങളിലും ഗൾഫ് രാജ്യങ്ങളായ അബുദാബി, ഖത്തർ എന്നിവിടങ്ങളിലും പത്താംതരം തുല്യതാ കോഴ്സ് നടത്തിവരുന്നു. പത്താംതരം തുല്യതാ പരീക്ഷ വിജയിച്ച പഠിതാക്കൾക്ക് തൊഴിൽ മേഖലകളിൽ ജോലിക്കയറ്റത്തിനും ഉന്നത വിദ്യാഭ്യാസത്തിനും അവസരം ലഭിച്ചിട്ടുണ്ട്. മാത്രമല്ല പത്താംതരം തുല്യതാ സർട്ടിഫിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

2015-ൽ ആരംഭിച്ച ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. ഔപചാരിക ഹയർസെക്കണ്ടറിക്ക് സമാനമായി ഹ്യൂമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളിലായിട്ടാണ് ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ആരംഭിച്ചിട്ടുള്ളത്. ഈ കോഴ്സിന്റെ ആദ്യ ബാച്ചിൽ സംസ്ഥാനത്തൊട്ടാകെ ആകെ 18,675 പഠിതാക്കൾ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് 2016 മുതൽ ഗൾഫ് രാജ്യങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാക്ഷരതാ മിഷന്റെ തുടർവിദ്യാ കേന്ദ്രങ്ങൾവഴി വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണമേന്മ വർദ്ധക പരിപാടികൾ, വ്യക്തിഗത താൽപര്യപോഷണ പരിപാടികൾ എന്നിവ വിവിധ ഏജൻസികളുടെ സഹായത്തോടെ സമൂഹത്തിലെ വിവിധ ആളുകൾക്കായി സംഘടിപ്പിച്ച് പരിശീലനം നൽകാനും സാധിച്ചിട്ടുണ്ട്. അന്ധർക്കായി മലപ്പുറം ജില്ലയിൽ ബ്രെയിൽ സാക്ഷരതാ പദ്ധതി വിജയകരമായി നടപ്പിലാക്കി. കേരളത്തിലെ മുഴുവൻ ജില്ലകളിലും വിവരാവകാശ നിയമത്തെക്കുറിച്ചും, വിദ്യാഭ്യാസ അവകാശ നിയമത്തെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ സാധിച്ചു. ജയിലുകളിൽ കഴിയുന്ന തടവുകാരെ അക്ഷരങ്ങളുടെ ലോകത്തേക്ക് എത്തിക്കുന്നതിനായി ജയിൽ സാക്ഷരതാ പരിപാടി ആരംഭിച്ചു. അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിനായി അട്ടപ്പാടി ആദിവാസി പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചു. പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ കേരളത്തിലെ മുഴുവൻ പേർക്കും നാലാംതരം തുല്യതാ വിദ്യാഭ്യാസം നേടിക്കൊടുക്കാനായി അതുല്യം എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയിലൂടെ കേരളത്തെ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ആദ്യ സംസ്ഥാനമെന്ന പദവിയിലെത്തിക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷ.

(ഡി) അട്ടപ്പാടി ആദിവാസി മേഖലയിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് ആദിവാസി പ്രത്യേക സാക്ഷരത തുല്യതാ പരിപാടി ആരംഭിച്ചു. ഇതിന്റെ സമഗ്ര സാക്ഷരതാ സർവ്വേ പൂർത്തീകരിക്കാൻ സാധിച്ചു. പഠിതാക്കളെ പഠിപ്പിക്കുന്നതിനായി അട്ടപ്പാടിയിലെ 192 ഊരുകളിലും ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഡിസംബർ അവസാനത്തോടെ ആദിവാസി ഊരുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.